(ഡി) ഇപ്രകാരം ചെയ്യുന്നത് ഗവൺമെന്റിന് ഗുണകരമാണോ ;

(ഇ) ഗവൺമെന്റ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയം കഴിഞ്ഞു മാത്രം പണി തീർത്താൽ അയാളിൽ നിന്നും പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് നിശ്ചിത സമയത്തുതന്നെ ജോലി പൂർത്തിയാക്കുവാൻ കഴിയുമോ ;

(ജി) സർക്കാർ പണികളിൽ വരുന്ന കാലതാമസത്തിനും ക്രമക്കേടുകൾക്കും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വം നിർണ്ണയിക്കാനും അത് ഉറപ്പിക്കുവാനും ആവശ്യമായ നടപടികളെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ & ബി) പണിപൂർത്തിയാക്കുന്നതിനുള്ള സമയ പരിധി കരാറിൽ വ്യവസ്ഥചെയ്യാറുണ്ട്.

(സി & ഡി) കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനുമുമ്പ് തൃപ്തികരമായി പണി പൂർത്തിയാക്കിയാൽ 55 ലക്ഷം രൂപയ്ക്കു മുകളിലുള്ള കരാറുകാർക്ക് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥയുണ്ട്. ഇത് ഗുണകരമാണ്.

(ഇ & എഫ്) കരാറുകാരന്റെ അനാസ്ഥകൊണ്ട് പണിക്കു കാലതാമസം നേരിട്ടാൽ പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

(ജി) കാലതാമസത്തിനും ക്രമക്കേടുകൾക്കും കാരണമാകുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടികൾ എടുത്തു വരുന്നുണ്ട്.

താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ

26 (*146) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റവന്യൂ വകുപ്പിന്റെ കീഴിൽ താലൂക്ക് ആഫീസുകളിലൂടെ ഇപ്പോൾ ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് കമ്പ്യൂട്ടർ സഹായത്തോടുകൂടി നൽകി വരുന്നത് ;

(ബി) താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷനിലൂടെ അപേക്ഷ നൽകി എത്ര ദിവസങ്ങൾക്കകം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ടെന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് നാളിതുവരെ എത്ര താലൂക്ക് ആഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തെ എല്ലാ താലൂക്കാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വഴിയാണ് നൽകി വരുന്നത്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*

(ബി) കൂടുതൽ അന്വേഷണം വേണ്ടി വരുന്ന കേസുകളിൽ രണ്ടു ദിവസങ്ങൾക്കകവും, അല്ലാത്തവ അതാത് ദിവസങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. പരമാവധി പൊതുജനോപകാരപ്രദമായിത്തന്നെയാണ് സർട്ടിഫിക്കറ്റ് വിതരണം നടത്തിവരുന്നത്.

(സി) സംസ്ഥാനത്തെ 63 താലൂക്കാഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

(ഡി) ഫണ്ട്, ഉദ്യോഗസ്ഥർ, ഉപകരണങ്ങൾ എന്നിവയുടെ ലഭ്യതയനുസരിച്ച് കഴിയുന്നതും വേഗം കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ നടത്തിവരുന്ന സ്വാശ്രയ പ്ലസ് ടു കോഴ്സുകൾ

27 (*147) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്വാശ്രയ പ്ലസ് ടു കോഴ്സുകൾ നടത്തി വരുന്നുണ്ടോ ;

(ബി) ഗവൺമെന്റ് സ്കൂളുകളിൽ സ്വാശ്രയ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു തീരുമാനമെടുത്തെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly